പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 93 — 8.6.2015 ൽ മറുപടി നൽകാനുണ്ടായിരുന്നത്

# ജനസമ്പർക്ക പരിപാടി


ചോദ്യം

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

മറുപടി

ശ്രീ.ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)


| | |
|---|---|
| എ) മുഖ്യമന്ത്രി 2015-ൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ലയിലും എത്ര പരാതികൾ ലഭിച്ചുവെന്ന് വിശദമാക്കാമോ ; | എ+ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) എത്ര പരാതികൾക്ക് ഇതിനകം പരിഹാരം കണ്ടെത്തിയിട്ടുണ്ട്; | |
| സി) ജനസമ്പർക്ക പരിപാടി 2015-ൽ ധനസഹായമായി എത്ര തുക അനുവദിച്ചുവെന്ന് ജില്ല തിരിച്ച് അറിയിക്കാമോ; | സി) ജനസമ്പർക്ക പരിപാടി 2015 13 ജില്ലകളിൽ പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് 94,55,21,000 രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) ധനസഹായം അനുവദിച്ചത് എന്തെല്ലാം ആവശ്യങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ? | ഡി) ചികിത്സ, ഭവന പുനരുദ്ധാരണം, മരണാനന്തര സഹായം, നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠന സഹായം, വികലാംഗർക്ക് സഹായം, സാമ്പത്തികമായി പിന്നോക്കം നിലനിൽക്കുന്ന വിധവകൾക്കുള്ള സഹായം, കിടപ്പുരോഗികൾക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമുള്ള ധനസഹായം തുടങ്ങിയ ആവശ്യങ്ങൾക്കാണ് ധനസഹായം അനുവദിച്ചത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2015 ലെ ജനസമ്പർക്ക പരിപാടി

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| തിരുവനന്തപുരം | 29025 | 13651 | 4,50,00,000 |
| കൊല്ലം | 49907 | 16296 | 9,20,00,000 |
| പത്തനംതിട്ട | 16537 | 4265 | 6,38,00,000 |
| ആലപ്പുഴ | 29205 | 9844 | 8,72,00,000 |
| കോട്ടയം | 24163 | 8511 | 7,50,00,000 |
| ഇടുക്കി | 39611 | 13561 | 8,82,00,000 |
| എറണാകുളം | 17764 | 2719 | 4,53,00,000 |
| തൃശ്ശൂർ | 25198 | 5623 | 8,23,00,000, |
| പാലക്കാട് | (ഓൺലൈൻ) 18234 | - | നടന്നിട്ടില്ല |
| മലപ്പുറം | 31926 | 17892 | 14,38,21,000 |
| കോഴിക്കോട് | 19845 | 5597 | 7,35,00,000 |
| വയനാട് | 15304 | 6404 | 3,80,00,000 |
| കണ്ണൂർ | 24707 | 8878 | 6,61,00,000 |
| കാസർഗോഡ് | 20057 | 12485 | 4,53,00,000 |
| ആകെ | 3,61,483 | 1,24,674 | 94,55,21,000 |

സെക്ഷൻ ഓഫീസർ